(ഡി) മത്സ്യത്തൊഴിലാളികൾ സാമ്പത്തിക സഹായത്തിനായി മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ഇവരിൽ ഒരാൾക്ക് ചെയർമാൻസ് റിലീഫ് ഫണ്ടിൽ നിന്നു 1000 രൂപ അടിയന്തിര സഹായം നൽകിയിട്ടുണ്ട്. അപേക്ഷകർക്ക് ഇൻഷ്വറൻസ് പദ്ധതി പ്രകാരം തുക അനുവദിക്കുന്ന മുറയ്ക്ക് സഹായധനം നൽകുന്നതാണ്.

മത്സ്യബന്ധനത്തിനുപോയ മത്സ്യത്തൊഴിലാളികളുടെ മരണവും മത്സ്യബന്ധന ഉപകരണങ്ങളുടെ നഷ്ടവും

111 [1090] ശ്രീ. ടി. എൻ. പ്രതാപൻ:
" ടി. യു. രാധാകൃഷ്ണൻ:
" ലൂഡി ലൂയിസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇക്കഴിഞ്ഞ മേയ്, ജൂൺ മാസങ്ങളിൽ മഴക്കാലത്ത് കടലിൽ മത്സ്യബന്ധനത്തിനു പോയ എത്രപേർ മരണപ്പെട്ടു;

(ബി) എത്രപേരെ കാണാതായി; കാണാതായവരെ പിന്നീട് കണ്ടെത്തിയോ;

(സി) മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്ത് ആശ്വാസം നൽകിയെന്നും മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് എന്ത് സഹായം നൽകി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പത്തുപേർ മരണപ്പെട്ടു.

(ബി) 10 പേരെ കാണാതായി ഇതുവരെ കണ്ടെത്തിയിട്ടില്ല.

(സി) മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായവരുടെ ആശ്രിതർക്ക് ഇൻഷ്വറൻസ് ക്ലെയിം ലഭിക്കുന്ന മുറയ്ക്ക് ധനസഹായം നൽകും. മത്സ്യബന്ധന ഉപകരണങ്ങൾ നഷ്ടപ്പെട്ടവർക്ക് മത്സ്യഫെഡ് വഴി സഹായം നൽകുന്നുണ്ട്.

കാലവർഷക്കെടുതിമൂലം കഷ്ടത അനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യ റേഷൻ

112 [1091] ശ്രീ. വി. ജെ. പൗലോസ്:
" എം. എ. ചന്ദ്രശേഖരൻ:
" അടൂർ പ്രകാശ്:
" പി. ടി. തോമസ്:
" എം. കെ. പോൾസൺ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കാലവർഷക്കെടുതി മൂലം കഷ്ടതയനുഭവിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് സൗജന്യറേഷൻ നൽകിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ എത്ര കാലത്തേയ്ക്ക് എത്ര കുടുംബങ്ങൾക്ക് നല്കിയെന്നു വ്യക്തമാക്കാമോ;

(സി) ഇതിനായി എന്തു തുക ചെലവഴിച്ചു എന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) വിവരം ശേഖരിച്ചു വരുന്നു.

2004-2005-ലെ അബ്കാരി നയം

113 [1092] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:
,, ടി. പി. രാമകൃഷ്ണൻ:
,, ടി. കെ. ദേവകുമാർ:
,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള അബ്കാരിനയത്തിൽ മാറ്റം വരുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ കള്ളുഷാപ്പുകൾ ലേലം ചെയ്ത് നൽകുന്നത് സംബന്ധിച്ച് എന്തെങ്കിലും നയം സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ;

(സി) അബ്കാരി നയത്തിന് രൂപം കൊടുക്കുന്നതിന് മുമ്പ് തൊഴിലാളി യൂണിയൻ പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിലുള്ള നയത്തിൽ എന്തെങ്കിലും മാറ്റം ആവശ്യമുണ്ടോ എന്നുള്ള കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) ഇല്ല.

(സി) ചർച്ച നടത്തിയിട്ടുണ്ട്. നിർത്തലാക്കിയ കള്ളുഷാപ്പുകൾ പുനഃസ്ഥാപിക്കുക, കള്ളുഷാപ്പുകളുടെ ദൂരപരിധി ബാറുകൾക്ക് തുല്യമാക്കുക, കള്ളുഷാപ്പുകൾക്ക് റെയ്ഞ്ച് അടിസ്ഥാനത്തിലോ താലൂക്ക് അടിസ്ഥാനത്തിലോ ലൈസൻസ് നൽകുക മുതലായവ ആയിരുന്നു തൊഴിലാളി സംഘടനകളുടെ പ്രധാന ആവശ്യങ്ങൾ. സർക്കാരിന്റെ നയരൂപീകരണത്തിലും അനന്തര നടപടികളിലും ചർച്ചയിൽ ഉന്നയിച്ച നിർദ്ദേശങ്ങൾ ഏറെക്കുറെ പരിഗണിക്കപ്പെടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly